## പത്രക്കുറിപ്പ്

# ഹോട്ടൽ ആക്രമിച്ച് ജീവനക്കാരനെ കൊലപ്പെടുത്താൻ ശ്രമിച്ച കേസ്സിലെ രണ്ട് പ്രതികൾ പിടിയിൽ

## കോവിഡ്-19

## വിലക്ക് ലംഘനം: 47 പേർക്കെതിരെ നിയമനടപടി 13,000/- രൂപ പിഴ ഈടാക്കി

തിരുവനന്തപുരം:- വിഴിഞ്ഞം വെങ്ങാനൂർ അമരിവിള ജംഗ്ഷന് സമീപം ഹോട്ടൽ അടിച്ച് തകർത്ത് ജീവനക്കാരനെ ആക്രമിച്ച് കൊലപ്പെടുത്താൻ ശ്രമിച്ച കേസ്സിലെ രണ്ട് പ്രതികളെ പോലീസ് പിടികൂടിയതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. വെങ്ങാനൂർ വില്ലേജിൽ വെണ്ണിയൂർ നെല്ലിവിള തെക്കേക്കര കിഴക്കേ പുത്തൻ വീട്ടിൽ രഞ്ജു.വി.ജയൻ (32), കോവളം സമുദ്രാ ബീച്ചിന് സമീപം കണ്ണംകോട് തേരി വീട്ടിൽ അനിക്കുട്ടൻ (21) എന്നിവരെയാണ് വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്തത്.



വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്ത രഞ്ജു. വി. ജയൻ (32), അനിക്കുട്ടൻ( 21)

കഴിഞ്ഞ 31-ന് ഉച്ചയ്ക്കാണ് അഞ്ചംഗ സംഘം ഹോട്ടലിലെ അടുക്കള ഭാഗത്ത് അതിക്രമിച്ച് കയറി ഹോട്ടൽ ഇലക്ട്രിക്കൽ ഉപകരണങ്ങളും ഫർണിച്ചറുകളും അടിച്ച് നശിപ്പിച്ച് ഭീകരാന്തരീക്ഷം സൃഷ്ടിക്കുകയും ഹോട്ടൽ ജീവനക്കാരനെ മാരകായുധങ്ങൾ ഉപയോഗിച്ച് പരിക്കേൽപ്പിക്കുകയും ചെയ്തത്. സംഭവത്തിന് ശേഷം ഒളിവിൽ പോയ സംഘത്തിലെ ഒന്നും രണ്ടും പ്രതികളാണ് പിടിയിലായത്. പ്രദേശത്ത് നിരന്തരമായി സാമൂഹ്യവിരുദ്ധപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നവരാണിവർ. ഹോട്ടലിൽ നിന്നും വാങ്ങിയ കറിയ്ക്ക് രുചി കുറവാണെന്ന് പറഞ്ഞ് ഹോട്ടൽ ജീവനക്കാരുമായി വാക്ക് തർക്കത്തിൽ ഏർപ്പെടുകയും തുടർന്ന് ആക്രമണപ്രവർത്തനങ്ങൾ നടത്തുകയുമായിരുന്നു. ഈ കേസ്സിലെ മൂന്നാം പ്രതിയായ സൂരജ് (19)-നെ കഴിഞ്ഞ ദിവസം പോലീസ് അറസ്റ്റ് ചെയ്തിരുന്നു. മറ്റ് രണ്ട് പ്രതികളെ പിടികൂടുന്നതിനായി അന്വേഷണം ഊർജ്ജിതമാക്കിയതായി ഡെപ്യൂട്ടി പോലീസ് കമ്മീഷണർ ഡോ.ദിവ്യ.വി.ഗോപിനാഥ് അറിയിച്ചു. വിഴിഞ്ഞം എസ്.എച്ച്.ഒ പ്രവീൺ കുമാർ, എസ്.ഐ-മാരായ സജി.എസ്.എസ്, വിഷ്ണു സജീവ്, എസ്.സി.പി.ഒ സജൻ എന്നിവരടങ്ങിയ പോലീസ് സംഘമാണ് പ്രതികളെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു.

## കോവിഡ് സുരക്ഷാ കേസ് വിവരം

തിരുവനന്തപുരം നഗരത്തിൽ പോലീസ് ഇന്നലെ (06-01-2021) നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 47 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം

ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 15 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 26 പേരിൽ നിന്നും 13,000/- രൂപ പിഴ ഈടാക്കി. കൂടാതെ, കോവിഡ് സുരക്ഷാ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ സർവ്വീസ് നടത്തിയ 6 വാഹനങ്ങൾക്കെതിരെയും ഇന്നലെ നിയമനടപടി സ്വീകരിച്ചു.

തിരുവനന്തപുരം സിറ്റി
06-01-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി